# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.6)/1104/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/09/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.6)/1104/24 തീയ്യതി: 19/09/2024

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാലി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2024 | 18-07-2024 |
| ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2024 | 22-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2024 | 22-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

റസിയ ബീവി ജെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
വാലന്റെയിൻ കെ ഗിൽബർട്ട്,സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു തോമസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.കെ.ടി.സന്തോഷ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത എസ് | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.ബെഷി വി.ജി | കൃഷി ഓഫീസർ | 01-04-2023 | 29-05-2023 |
| ശ്രീമതി. അനിത കെ | കൃഷി ഓഫീസർ | 30-05-2023 | 09-10-2023 |
| ശ്രീമതി.ശ്രീബാല അജിത്ത് | കൃഷി ഓഫീസർ | 10-10-2023 | 31-03-2024 |
| ഡോ.രഞ്ജിത്ത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.അഭിരാം കെ | വി.ഇ.ഓ.ആമ്പല്ലൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.രാജി കെ.ആർ | വി.ഇ.ഓ.കുലയറ്റിക്കര സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.പൂർണ്ണിമ ദാസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.അപ്പു സിറിയക്ക് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.,കീച്ചേരി | 01-04-2023 | 31-03-2024 |
| ശ്രീമതി.സൗമ്യ ജി | അസി.എൻജിനീയർ | 01-04-2023 | 31-03-2024 |
| ഡോ.സന്ധ്യമോൾ കെ.ബി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2023 | 31-03-2024 |
| ശ്രീമതി.സജിത എൻ | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീ വിമക്ലൺ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സ്മിത കെ ബി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-08-2023 |
| ശ്രീമതി.അളകാബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2023 | 31-03-2024 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-1-3 |
| 5 | ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | എ ബി സി പ്രോജക്ടിനായി ചെലവ് I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ആസ്തി കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചെലവ് മാറ്റിയില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മാലിന്യസംസ്കരണം-ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-10 |
| 19 | ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 20 | കടമുറികളുടെ വാടക കരാറുകൾ സംബന്ധിച്ച എഗ്രിമെന്റുകൾ അപൂർണം | 1-12 |
| 21 | ദുരിതാശ്വാസ നിധി | 1-13 |
| 22 | പാടശേഖരസമിതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ - ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-14 |
| 23 | എബിസി പ്രവർത്തനച്ചെലവ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-15 |
| 24 | എസ്.എസ് കെ വിഹിതം അടവ് - വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-16 |
| 25 | ഫർണ്ണിച്ചർ വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-17 |
| 26 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്കു വേണ്ടിയുള്ള - മരുന്നു വാങ്ങൽ - മരുന്ന് ലഭിച്ചില്ല | 1-18 |
| 27 | IKM വിഹിതം അടവാക്കൽ-ധനവിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-19 |
| 28 | സെന്റേജ് ചാർജ്ജ് അധികം നൽകി | 1-20 |
| 29 | എ.ബി.സി.പ്രോഗ്രാം-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 1-22 |
| 31 | പൊതുവഴി കയ്യേറ്റം - തുടർനടപടി സ്വീകരിച്ചില്ല | 1-23 |
| 32 | മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും വിതരണം -അപാകതകൾ | 1-24 |

| | | |
|---|---|---|
| 33 | ഓഡിറ്റ് ഇംപാക്ട് | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.06.2024 ലെ കമ്മിറ്റി തീരുമാനം 1(1) പ്രകാരം തയ്യാറാക്കി 19.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആമ്പല്ലൂർ** ഗ്രാമപഞ്ചായത്തിന്റെ **2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**

**തീയതി:** **ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹43,45,971.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹-59735499.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി**

31/3/2024 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 466919/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2024 ലെ Accumalated Depreciation 753294/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല.

**1-1-4 ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് നം | റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| SBI പുന്നയൂർ (35717681215) | 22304991 | 22391042 |

**1-1-5 ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

നെറ്റ് സീറോ കാർബൺ കേരള ജില്ലാ പഞ്ചായത്ത് സംയുക്തം (S0082/24) എന്ന പ്രോജക്ടിന്റെ ചെലവ് തുകയായ ₹ 2,800/- സുലേഖ സോഫ്റ്റ്‌വെയറിലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-6 എ ബി സി പ്രോജക്ടിനായി ചെലവ് I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.**

എ.ബി.സി പ്രോജക്ടിനായി ചെലവഴിച്ച് 24000/- വികസന ഫണ്ട് ജനറലിന്റെ ചെലവായി I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസന ഫണ്ട് ജനറലിൽ ഖണ്ഡിക ധനകാര്യ പത്രികയിൽ സുലേഖ ചെലവ് പത്രികയുമായി 21000/-രൂപയുടെ വ്യത്യാസമുണ്ട്.

**1-1-7 ആസ്തി കാലികമാക്കിയിട്ടില്ല**

ആസ്തി കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

**1-1-8 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചെലവ് മാറ്റിയില്ല**

ആസ്തി നിർമ്മാണത്തിനായി വികസന ഫണ്ടിൽ നിന്നും ചെലവാക്കിയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റുന്നില്ല.

**1-2 ബജറ്റ്**

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 08.03.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റി 23.01.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹689676.00 | ₹689676.00 |
| വരവ് | ₹233121180.00 | ₹238870453.00 |

| | | |
|---|---|---|
| ആകെ | ₹233810856.00 | ₹239560129.00 |
| ചെലവ് | ₹230058470.00 | ₹236487699.00 |
| നീക്കിയിരുപ്പ് | ₹3752386.00 | ₹3072430.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹26331637.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹60838699.00 |
| ആകെ | : | ₹87170336.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹56492728.00 |
| നീക്കിയിരിപ്പ് | : | ₹30677608.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 15982000 | 15982000 | 12571224 | 3410776 |
| വികസനഫണ്ട്- എസ്.സി.പി | 0 | 7062000 | 7062000 | 5147126 | 1914874 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | 1992477 | 2646000 | 4638477 | 92156 | 1789178 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 627493 | 1984500 | 2611993 | 1229033 | 1382960 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 17784650 | 17784650 | 3834138 | 13950512 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 3597400 | 3597400 | 2102566 | 1494834 |
| ഐ.സി.ഡി.എസ് | 2826930 | 980420 | 3807350 | 430426 | 3376924 |
| സമ്പൂർണ്ണ ശുചിത്വം | 27785 | 971 | 28756 | 0 | 28756 |
| എസ്.എസ്.എ. | 30200 | 0 | 30200 | 0 | 30200 |
| എപ്പിടമിക്ക് കൺട്രോൾ(320100195) | 54401 | 0 | 54401 | 0 | 54401 |
| റൂറൽ ഹൗസിങ്ങ്(320100160) | 3035372 | 9787424 | 12822796 | 11290797 | 1531999 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ്(320100192) | 205540 | 100000 | 305540 | 0 | 305540 |
| വിമുക്തി ഗ്രാന്റ് (320100190) | 34950 | 0 | 34950 | 0 | 34950 |
| ഫണ്ട് ഫോർ ട്രാൻഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ ആയൂർവേദ (320200207) | 0 | 500000 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ്(320100202) | 3250 | 925278 | 928528 | 600280 | 328248 |
| ഹെൽത്ത് ഗ്രാന്റ്(320100204) | 1904 | 388030 | 389934 | 65149 | 324785 |
| സി.എസ്.ആർ.ഫണ്ട്(320500101) | 15953 | 443 | 16396 | 0 | 16396 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ്(320200304) | 134127 | 0 | 134127 | 134127 | 0 |
| ഡ്രിംഗിങ്ങ് വാട്ടർ സ്കീം(320200305) | 30000 | 0 | 30000 | 30000 | 0 |
| ശുചിത്വ മിഷൻ(320100198) | 822 | 0 | 822 | 822 | 0 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ്(320300199) | 29946 | 0 | 0 | 0 | 29946 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ്(320400199) | 142 | 4 | 0 | 0 | 146 |
| സ്പെസിഫിക്ക് പർപ്പസ് ക്യാപ്പിറ്റൽ(320800199) | 1069 | 0 | 0 | 0 | 1069 |

1.എ.ബി.സി പ്രോജക്ടിനായി ചെലവഴിച്ച 24000/-രൂപയുടെ ചെലവ് അക്കൗണ്ട് എൻട്രി വരുത്തിയിട്ടില്ലാത്തതിനാൽ വികസനഫണ്ട് -ജനറൽ I-6 ലെ തുകയുമായി 24000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
2.വികസനഫണ്ട് – ജനറൽ ACR ലെ ചെലവും സുലേഖ എക്സ്പെന്റിച്ചറിലെ ചെലവും തമ്മിൽ 9600/- രൂപയുടെ വ്യത്യാസം Q-Bill തുകയാണ്.
3.വികസനഫണ്ട് – ജനറലിൽ 2742741/- രൂപയുടെ ജി.ഒ പ്രോജക്ട് കൂടി ഉൾപ്പെട്ട തുകയാണ്.
4.വികസനഫണ്ട് - എസ്.സി.പിയിൽ 9543317/- രൂപയുടെ ജി.ഒ പ്രോജക്ട് കൂടി ഉൾപ്പെട്ട തുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 143570496 | 119 | 62137197 | 107 | 27 | 47% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5 | 444092 | 444097 | 445134 | 1037 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 32070866 | 32070866 | 32070866 | 0 |
| ആകെ | 5 | 32514958 | 32514963 | 32516000 | 1037 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 6388800 | 545 |

| | | |
|---|---|---|
| വിധവ പെൻഷൻ | 9786500 | 922 |
| വാർദ്ധക്യകാല പെൻഷൻ | 23760000 | 2316 |
| വികലാംഗ പെൻഷൻ | 3060100 | 278 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 511400 | 46 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/07/2024 തീയതിയിൽ 3.15 P.M ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹135671/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സ് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യം/ വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്.

## 1-10 മാലിന്യസംസ്ക്കരണം-ഹരിതകർമ്മസേനയിലൂടെ - അവലോകനം

വൃത്തിയുള്ള കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെയും, ഹരിതകേരള മിഷന്റെയും സംയുക്ത നേതൃത്വത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമസേന രൂപീകരിക്കപ്പെട്ടത്. അജൈവമാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനോടൊപ്പം വിവിധതരം മാലിന്യ നിർമ്മാർജനോപാധികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പൊതുജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഹരിത കർമസേനയുടെ പ്രധാന ചുമതല.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന് 22.60 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 16 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 25628 ആണ്. ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ 2018 ഒക്ടോബർ 2ന് ആണ് ഹരിത കർമസേന പ്രവർത്തനം ആരംഭിച്ചത്. 16 വാർഡുകളിൽ നിന്നും കുടുംബശ്രീയിൽ ഉൾപ്പെട്ട 2 വനിതകളെ വീതം ആകെ 32 അംഗങ്ങളെ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിരുന്നു. ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അംഗങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം ആരംഭിച്ചിട്ടുണ്ട്. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഉൾപ്പെട്ട 6 അംഗ സമിതിയാണ് കൺസോർഷ്യം നിയന്ത്രിക്കുന്നത്.

ആദ്യ ഘട്ടത്തിൽ മാലിന്യ ശേഖരണത്തിന് പൊതുജനങ്ങളിൽ നിന്നും വേണ്ടത്ര പിന്തുണ ലഭിച്ചിരുന്നില്ല. എന്നാൽ, നിലവിൽ ഗ്രാമപഞ്ചായത്തിലെ 100% വീടുകളും, സ്ഥാപനങ്ങളും ഹരിത കർമസേന പ്രവർത്തനത്തിന്റെ ഭാഗമാണ്. 2020-21 വർഷത്തിൽ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഒരു ലക്ഷം രൂപയായിരുന്നത് 2021-22 വർഷത്തിൽ ഒന്നര ലക്ഷത്തിലേക്കും, 2022-23 വർഷത്തിൽ രണ്ടേമുക്കാൽ ലക്ഷത്തിലേക്കും, 2023-24 വർഷത്തിൽ അഞ്ച് ലക്ഷം രൂപയിലേക്കും എത്തിയിട്ടുണ്ട്. നിലവിൽ ഒരു ഹരിത കർമസേന അംഗത്തിന്റെ ശരാശരി മാസവേതനം ₹15,000/- ആണ്.

മാലിന്യ ശേഖരണം

അജൈവ മാലിന്യ ശേഖരണത്തിനായി വീടുകളിൽ നിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ പ്രതിമാസ യൂസർ ഫീ ഈടാക്കുന്നുണ്ട്. അജൈവ മാലിന്യ ശേഖരണത്തിൽ ചെരുപ്പ്, ബാഗ്, തുണി, കുപ്പിച്ചില്ല്, കുപ്പി, മരുന്ന് സ്ട്രിപ്പുകൾ, തെർമ്മോക്കോൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, എന്നിവയാണ് ഉൾപ്പെടുന്നത്. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ള കലണ്ടർ പ്രകാരമാണ് അവ ശേഖരിക്കുന്നത്. കുപ്പി, കുപ്പിച്ചില്ല് ഒഴികെയുള്ള അജൈവമാലിന്യങ്ങൾ എല്ലാ മാസവും ശേഖരിക്കുന്നു. വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്ന മാലിന്യങ്ങൾ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലാണ് സംഭരിക്കുന്നത്. മാലിന്യങ്ങൾ മിനി എംസിഎഫിൽ നിന്നും അവിടെ നിന്നും എംസിഎഫിലേക്കും നീക്കുന്നതിന് ട്രോളിയും, ഇ-ഓട്ടോയും ഉപയോഗിക്കുന്നു. പരിശീലനം ലഭിച്ച ഹരിത കർമസേന അംഗങ്ങളാണ് അവ കൈകാര്യം ചെയ്യുന്നത്. എംസിഎഫിൽ എത്തുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവെടുക്കുന്നതിന് വെയിംഗ് മെഷിനും, രേഖപ്പെടുത്തുന്നതിന് രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സർക്കാർ അംഗീകൃത സ്ഥാപനമായ എക്കോ പ്ലാനറിനാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറുന്നത്.

<u>പരിശീലനവും, വികസനവും</u>

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം കൂടാതെ തീപിടുത്തം നേരിടുന്നത് സംബന്ധിച്ച പരിശീലനവും നൽകിയിട്ടുണ്ട്.

<u>റീസൈക്ലിംഗ്</u>

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഇൻഡസ്ട്രീയൽ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള ആർആർഎഫിന്റെ പ്രവർത്തനം 2023 സെപ്റ്റംബറിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാടകയ്ക്ക് ഏറ്റെടുത്ത് ഹരിത കർമസേനയെ ഏൽപ്പിച്ചു. നിലവിൽ ബെയലിംഗ് നടത്തി കട്ടകളാക്കിയാണ് ഏജൻസിക്ക് കൈമാറുന്നത്. തൻമൂലവും ഹരിത കർമസേനയുടെ വരുമാനം വർധിച്ചിട്ടുണ്ട്.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

സി ഡി എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പൊതു ഇടങ്ങൾ ശുചിയാക്കുന്ന പ്രവർത്തനങ്ങളിലും, വലിച്ചെറിയൽമുക്ത ക്യാംപെയിൻ പോലുള്ള പരിപാടികളിലും ഹരിത കർമസേന സജീവമായി ഇടപെടുന്നുണ്ട്. ജൈവമാലിന്യ സംസ്ക്കരണത്തിനായി നാളിതുവരെ 1850 ബയോകമ്പോസ്റ്റർ ബിന്നുകളും, 75 ഗാർഹീക ബയോഗ്യാസ് പ്ലാന്റുകളും, 2 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 1081 കുടുംബങ്ങൾക്ക് കൂടി ബയോകമ്പോസ്റ്റർ ബിന്നുകൾ വിതരണം ചെയ്തുവരുന്നു.

<u>നേട്ടങ്ങൾ/പുരസ്കാരങ്ങൾ</u>

വാർഡ് തലത്തിലെ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നത് മുതൽ പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശുചിത്വമിഷൻ അംഗീകൃത സ്ഥാപനങ്ങൾക്ക് നൽകുന്നത് വരെയുള്ള ചിട്ടയായ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ 2023-24 വർഷത്തെ എറണാകുളം ജില്ലയിലെ മികച്ച ഹരിത കർമസേനയായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് ഹരിത കർമസേനയെ തെരഞ്ഞെടുത്തു. കൂടാതെ, ഹരിതമിത്രം ആപ്പ് പ്രവർത്തന മികവ്, 100% യൂസർ ഫീ കളക്ഷൻ എന്നിവയ്ക്കും പുരസ്ക്കാരം ലഭിച്ചു.

## <u>1-11 ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2023-24- വർഷത്തെ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കൽ ഫയൽ പരിശോധിച്ചതിലും, തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിലും സ്ഥാപന തൊഴിൽ നികുതി അല്ലാതെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂര്യ ടെക്സ്റ്റയിൽസ് | 11/484 | 4 |
| 2 | റോയൽ ഫുഡ് കോർട്ട് | 7/468,469,470 | 5 |
| 3 | അൽ മനാഫി | 12/190/C | 6 |
| 4 | മലയിൽ പെയിന്റ്സ് | 9/236,237,239 | 2 |
| 5 | കിംഗ്സ് ഫ്യൂവൽസ് | 14/94 | 6 |
| 6 | ദിക്കേഴ്സ് യമഹ | 4/484/A,484/D | 5 |

മേൽ കാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/18.7.24ന് നൽകിയതിനെ തുടർന്ന് ; ക്രമ നം 1 മുതൽ 5 വരെ സ്ഥാപനങ്ങളിൽ നിന്ന് ആകെ 9060/- രൂപ ഈടാക്കി, ക്രമ നം.6 ലെ സ്ഥാപനത്തെ കുറിച്ച് മറുപടി ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണം മാത്രമേ നിലവിൽ ചേർത്തിട്ടുള്ളൂ. അപ്രകാരം അടവാക്കാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ട് എന്ന് തിട്ടപ്പെടുത്തി തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 കടമുറികളുടെ വാടക കരാറുകൾ സംബന്ധിച്ച എഗ്രിമെന്റുകൾ അപൂർണം

ആമ്പല്ലൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കട മുറികളുടെ വാടക കരാർ സംബന്ധിച്ച 2023-24 സാമ്പത്തിക വർഷത്തെ എഗ്രിമെന്റുകൾ പരിശോധിച്ചതിൽ അവ എല്ലാം തന്നെ അപൂർണ്ണമായി കാണുന്നു. കരാറിന്റെ സാധുത തന്നെ ചോദ്യം ചെയ്യപ്പെടുന്ന രീതിയിൽ മിക്ക എഗ്രിമെന്റുകളും പാർട്ടികളും, സാക്ഷികളും ഒപ്പു വെക്കാതെയും വാടക എത്രയെന്ന് എഴുതാതെയും കാണപ്പെട്ടു. കേരള പഞ്ചായത്ത് രാജ് ചട്ടം 7(2) പ്രകാരം കരാർ ചമക്കുമ്പോൾ പാലിക്കേണ്ട നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നം 20/18.7.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കട മുറികൾ വാടകയ്ക്കു നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് ചട്ടം 7(2) പ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതാണ്.

## 1-13 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. (എസ്.ബി.അക്കൗണ്ട് നം.31123673829) എന്നാൽ 2023-24 വർഷം ടി ഫണ്ടിൽ നിന്നും കാര്യമായ തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. മുന്നിരുപ്പായി 50345/- രൂപയും നീക്കിബാക്കിയായി 31.3.2024 ൽ 51824/- രൂപയും അക്കൗണ്ടിൽ ഉണ്ട്. പലിശ ഇനത്തിൽ ഉള്ള തുക മാത്രമേ വരവ് ആയി ഉള്ളൂ.

ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പാടശേഖരസമിതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ - ധനവിനിയോഗസാക്ഷ്യപത്രം

ലഭ്യമാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 ൽ നടപ്പാക്കിയ താഴെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തിയാക്കിയതിന്റെ ഫൈനൽ ബിൽ, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.

| പ്രോജക്ട് പേര് നം. | വൗച്ചർ നം.,/ തുക | കൈപ്പറ്റിയ ഏജൻസി | റിമാർക്സ് |
|---|---|---|---|
| പാടശേഖരസമിതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ.234/24 | 42301762/31.3.24/ ₹ 226221/- | കെ എസ് ഇ.ബി | വിനിയോഗവിവരം, ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |

പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ഫൈനൽ ബിൽ, ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/17.07.24) മറുപടി ലഭിച്ചില്ല. ആയതിനാൽ, ഫൈനൽ ബിൽ, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നത് വരെ ₹226221/- ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 എബിസി പ്രവർത്തനച്ചെലവ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ എബിസി പ്രവർത്തനച്ചെലവ് എന്ന പ്രോജക്ടിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് ₹24,000/- കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | S 0269/23 |
| പ്രൊജക്ടിന്റെ പേര് | എബിസി പ്രവർത്തനച്ചെലവ് |
| അടങ്കൽ, ഫണ്ട് | ₹75,000/-, വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹24,000/- |

പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ഫൈനൽ ബിൽ, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/19.07.24) മറുപടി ലഭിച്ചില്ല. ആയതിനാൽ, ഫൈനൽ ബിൽ, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നത് വരെ ₹24,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 എസ്.എസ് കെ വിഹിതം അടവ് - വിനിയോഗവിവരം ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നം. | S 018/24 |
| പ്രൊജക്ട് | എസ്.എസ് കെ വിഹിതം അടവ് |
| അടങ്കൽ | ₹8,00,000/- ബിൽ നം.42301578 തീയതി. 23.11.23<br>(വികസന ഫണ്ട് -പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവ. എൽ. പി. സ്ക്കൂൾ കാഞ്ഞിരമറ്റം |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തു വിഹിതമായ ₹ 8,00,000/- എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്നതു സംബന്ധിച്ച

വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. സർക്കാർ പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ., തീ.19.01.2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായ രേഖകളൊന്നും ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക എസ്.എസ്.കെ ക്ക് കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിവരവും 2023-24 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17 തി. 16/07/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിലെ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹8,00,000/-തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-17 ഫർണ്ണിച്ചർ വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S 039/24 | S040/24 |
| പ്രോജക്ടിന്റെ പേര് | ഗവ. ജെബിഎസ്, ആമ്പല്ലൂർ, ഗവ. യുപി സ്കൂൾ കീച്ചേരി എന്നിവിടങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | ഗവ. എൽപി സ്കൂൾ കാഞ്ഞിരമറ്റത്തിന് ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹98,000/-<br>(മെയിന്റനൻസ് ഫണ്ട് – റോഡിതരം) | ₹98,000/-<br>(ബിൽ നം. 42301649 തീയതി. 14.3.2024)<br>(മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | ₹98,000/- | ₹97,200/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവ. എൽപി സ്കൂൾ, കാഞ്ഞിരമറ്റം | ഹെഡ്മിസ്ട്രസ്, ഗവ. എൽപി സ്കൂൾ, കാഞ്ഞിരമറ്റം |

മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളിലായി ഗവ. എൽപി സ്കൂൾ കാഞ്ഞിരമറ്റം, ഗവ. യുപി സ്കൂൾ കീച്ചേരി എന്നിവിടങ്ങളിലേക്ക് ക്വട്ടേഷൻ മുഖേന സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങി നൽകുകയാണ് ചെയ്തത്. പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്

1) ജി. ഒ. (പി) നം. 07/2019 തി. 26.04.2019 പ്രകാരം 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും, സേവനങ്ങളും നിർബന്ധമായും ജെം പോർട്ടലിൽ നിന്നും സമാഹരിക്കേണ്ടതാണ്. എന്നാൽ, മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടിലും ഈ നിബന്ധന പാലിച്ചിട്ടില്ല.

2) 2013ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 7.2 പ്രകാരം ആകെ ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കുവാൻ പാടില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, രണ്ട് സ്കൂളുകൾക്ക് ഒരേ സ്വഭാവമുള്ള സാധനങ്ങൾ വാങ്ങുന്നതിന് രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പാക്കുകയാണ് ചെയ്തത്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17/19.07.24) മറുപടി ലഭിച്ചില്ല. തുടർന്നുള്ള വർഷങ്ങളിൽ സാധനങ്ങളും, സേവനങ്ങളും വാങ്ങുമ്പോൾ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.

**1-18 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക വേണ്ടിയുള്ള - മരുന്നു വാങ്ങൽ - മരുന്ന് ലഭിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നം. | എസ് 8/24 |
| പ്രോജക്ടിന്റെ പേര് | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക വേണ്ടിയുള്ള<br>- ഹോമിയോ മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 200000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ തുക, നം. & തീയതി | 79066 /- രൂപ, LF-280/07.02.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

2023-24 ഓഡിറ്റ് വർഷത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക വേണ്ടിയുള്ള - ഹോമിയോ മരുന്നുകൾ വാങ്ങുവാൻ മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടാണിത്. UTR നം. RBI 2682388512454 ; തീയതി 23.09.23 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസിക്ക് 200000/- രൂപ അക്കൗണ്ട് നമ്പർ 34306403911 (എസ്.ബി.ഐ) ലേക്ക് കൈമാറിയിട്ടുണ്ട് ; നിലവിൽ 79066 /- രൂപയുടെ മരുന്നുകൾ മാത്രമേ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഉൾപെടുത്തിയതായി കാണുന്നുള്ളൂ, ബാക്കി 120934/- രൂപയുടെ മരുന്നുകളുടെ വിവരങ്ങൾ ലഭ്യമല്ല, ആയവ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, ലഭിച്ചിട്ടില്ലെങ്കിൽ മേൽ സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അതുവരെ 120934/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. (എൻക്വയറി നം 24/19.07.24)

**1-19 IKM വിഹിതം അടവാക്കൽ-ധനവിനിയോഗ വിവരം ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം. | S 0030/24 |
| പ്രോജക്ടിന്റെ പേര് | IKM വിഹിതം അടവാക്കൽ |
| അടങ്കൽ | ₹77958/- വികസനഫണ്ട് (ജനറൽ) |
| ചെലവ് വിവരം | ₹77958/-<br>(ടി.ആർ.എൻ നം.<br>23110600000004188/12.10.2023) |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

2023-24 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. S 0030/24 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, വെള്ളയമ്പലം, തിരുവനന്തപുരത്തിന് ₹77958/-(ടി.ആർ.എൻ നം. 23110600000004188/12.10.2023) അടവാക്കിയിട്ടുള്ളതാണ്. പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ വിവരം പരിശോധനയ്ക്കായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 04/17.07.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ₹77958/- തടസ്സത്തിൽ വയ്ക്കുന്നു.

**1-20 സെന്റേജ് ചാർജ്ജ് അധികം നൽകി**

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുള്ളതിൽ സെന്റേജ് ചാർജ് 10% ത്തിൽ അധികമാണ് അനുവദിച്ച് നൽകിയത്. എന്നാൽ PWD Manual

(ഖണ്ഡിക-1601.4)ലും, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 16.04.2018 തീയതിയിലെ സ.ഉ (സാധാ) നം.1069/2018/ തസ്വഭവ അനുസരിച്ച് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 10 ശതമാനത്തിലധികം സെന്റേജ് ചാർജ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ഈടാക്കരുതെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ പ്രോജക്ടിൽ 11.02% നിരക്കിലാണ് സെന്റേജ് ചാർജായി ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് പേര്/നം | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക (ബിൽ നം./തുക) | നൽകിയ സെന്റേജ് ചാർജ് | നൽകാവുന്ന സെന്റേജ് ചാർജ് | അധികമായി നൽകിയ സെന്റേജ് ചാർജ് |
|---|---|---|---|---|---|---|
| എച്ച്ഡിപിഇ പൈപ്പ് സ്ഥാപിക്കൽ നഗരസഞ്ചയ പദ്ധതി, SO162/23 | കേരള വാട്ടർ അതോറിറ്റി | ₹2500000/- (മറ്റുള്ളവ) | ₹1813918.16/- (5207/19.10.2023) | ₹199893.78/- (1813918.16x11.02%) | ₹181391.82/- (1813918.16x10%) | ₹18501.96/- |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/22.06.2024) മറുപടി ലഭിച്ചില്ല. അധികമായി നൽകിയ സെന്റേജ് ചാർജ്ജ് വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 എ.ബി.സി.പ്രോഗ്രാം-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 0243/24 |
| അടങ്കൽ | 1,04,545/-(തനതുഫണ്ട് ) |
| ചെലവ് | 1,04,545/-(വൗച്ചർ നം-3449/23 തീയതി.23.06.23) |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ തെരുവു നായ ശല്യം കൂടിയ പശ്ചാത്തലത്തിലും പൊതുജന പരാതി ഉയർന്നുവന്ന സാഹചര്യത്തിലും എ.ബി.സി.പ്രോഗ്രാം അനിവാര്യമായതിനാൽ ₹104545/- തനത് ഫണ്ടിൽ നിന്ന് വകയിരുത്തി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. അലഞ്ഞു തിരിയുന്ന തെരുവു നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനായാണ് പദ്ധതി ലക്ഷ്യം വെച്ചിരിക്കുന്നത്. പ്രോജക്റ്റ് പരിശോധനയിൽ ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19.07.2024) മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 1,04,545/- രൂപയുടെ ചെലവ് വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 ൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് പേര് നം. | വൗച്ചർ നം.,/തുക | കൈപ്പറ്റിയ ഏജൻസി | റിമാർക്സ് |
|---|---|---|---|
| വിവിധ വാർഡുകളിലെ പൊതുടാപ്പ് കട്ട് ചെയ്യൽ. 204/24 | 42300579/15.09.23/ 192000/- | കേരള വാട്ടർ അതോറിറ്റി | വിനിയോഗവിവരം, ഫൈനൽ ബിൽ, പൂർത്തീകരണ പത്രം എന്നിവ ഇല്ല. |
| ഞണ്ട്കാട് തുരുത്തിലേക്ക് എച്ച്.ഡി.പി.ഇ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | 42300721/19.10.23/ 2500000/- | കേരള വാട്ടർ അതോറിറ്റി | വിനിയോഗ വിവരം, ഫൈനൽ ബിൽ, പൂർത്തീകരണ പത്രം എന്നിവ ഇല്ല. |

മേൽ തുക ക്രമീകരിക്കാത്തത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.05/17.07.2024) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 2692000/-രൂപ തടസ്സപ്പെടുത്തുന്നു.

**1-23 പൊതുവഴി കയ്യേറ്റം - തുടർനടപടി സ്വീകരിച്ചില്ല**

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ ജയശ്രീ കവല - പേരേത്താഴം പൊതുറോഡ് കയ്യേറ്റം സംബന്ധിച്ച് കാഞ്ഞിരമറ്റം വെസ്റ്റ്ഹിൽ റസിഡന്റ്സ് അസോസിയേഷൻ 23.01.2024ന് പരാതി നൽകിയിരുന്നു. (ഫയൽ നം. SC2/6116/23) ഏകദേശം 400 മീറ്റർ നീളമുള്ള പ്രസ്തുത റോഡിന്റെ അവസാന 45മീറ്റർ ദൂരം മണ്ണൊലിപ്പും, വെള്ളക്കെട്ടും മൂലം നിലവിൽ തകർന്ന അവസ്ഥയിലാണ്. പരവർപറമ്പിൽ അബ്രഹാം മകൻ കുര്യാക്കോസ് എന്ന വ്യക്തി ഈ ഭാഗം കയ്യേറി പൊതുവഴിയിലേക്കിറക്കി തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് കയ്യാല കെട്ടി എന്ന് പ്രസ്തുത പരാതിയിൽ സൂചിപ്പിക്കുന്നുണ്ട്. തൻമൂലം മൂന്ന് മീറ്ററിലധികം വീതിയുണ്ടായിരുന്ന പൊതുവഴിയുടെ വീതി കുറഞ്ഞ് വാഹനങ്ങൾക്ക് പോകുവാൻ കഴിയാത്ത നിലയിലാണെന്നും പരാതിയിൽ സൂചിപ്പിക്കുന്നുണ്ട്. പ്രസ്തുത വഴി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ എംജിഎൻആർഇജിഎസ് പദ്ധതിയുടെ ഭാഗമായി വാർഡ് 16 കാഞ്ഞിരമറ്റം നീർതടത്തിൽപ്പെട്ട ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പദ്ധതികൾ എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ആകെ തുക (കൂലിച്ചലവ്, ഡിസ്പ്ലേ ബോർഡ് ഉൾപ്പെടെ) ₹2,96,000/- ആണ്. ആകെ 7 സൈറ്റുകളിലായി Surface Dressing And Land Leveling (80.TM.A8) Earth Work (80.8.275), Preparation Of Field Bunds (80.8.279), എന്നീ പ്രവൃത്തികളും, ഒരു സൈറ്റിൽ മാത്രം (സൈറ്റ് നം. 7) Stone Pitched Contour Bunds (80.33) എന്ന പ്രവൃത്തിയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, എം ബുക്ക് (203/2023-24) പ്രകാരം Stone Pitched Contour Bunds (80.33) എന്ന പ്രവൃത്തി നടപ്പാക്കിയിട്ടില്ല. പരാതിയുടെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ പരിശോധിച്ച് നടപടി സ്വീകരിക്കാൻ 24.01.2024ലെ 24(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആസ്തിയിൽ ഉൾപ്പെടുത്താനുള്ള ഫയൽ പരിശോധിച്ചതിൽ റോഡിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതായും, എതിർകക്ഷികളുടെ സാന്നിധ്യത്തിൽ സെക്രട്ടറിയുൾപ്പെടെ സംയുക്തപരിശോധന നടത്തേണ്ടത് ആവശ്യമാണെന്നും 23.04.2024ന് എൽഎസ്ജിഡി അസി. എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

19/07/2024ൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ ജയശ്രീകവല - പേരേത്താഴം റോഡിന്റെ അവസാനഭാഗത്ത് മൺവഴിയിൽ പരവർപറമ്പിൽ എബ്രഹാമിന്റെ പുരയിടത്തോട് ചേർന്ന് 40 സെന്റിമീറ്റർ ഉയരത്തിലും 8.15 മീറ്റർ നീളത്തിലും കയ്യാല നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഈ ഭാഗത്തെ റോഡിന്റെ വീതി 2.19 മീറ്റർ-2.45 മീറ്റർ ആണെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

എംബുക്ക് (203/2023-24) പ്രകാരം Stone Pitched Contour Bunds (80.33) എന്ന പ്രവൃത്തി നടപ്പാക്കിയിട്ടില്ലെങ്കിലും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന Stone Pitched Contour Bunds (80.33) എന്ന പ്രവൃത്തി സൈറ്റ് നം. 7ൽ നിലവിലുണ്ട്.

എംജിഎൻആർഇജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി സൈറ്റ് നം. 7ൽ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/19.07.2024) എംജിഎൻആർഇജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി Stone Pitched Contour Bunds (80.33) എന്ന പ്രവൃത്തി സൈറ്റ് നം. 7ൽ നടപ്പാക്കിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. തർക്കം നിലനിൽക്കുന്ന പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത വസ്തുവിൽ, എംജിഎൻആർഇജിഎസ് പദ്ധതി പ്രകാരം Stone Pitched Contour Bunds എന്ന പ്രവൃത്തി നടത്തിയതും, അക്കാര്യം എംബുക്കിൽ രേഖപ്പെടുത്താത്തതും ഭരണസമിതി ഗൗരവമായി കാണേണ്ടതാണ്. 23.01.2024ൽ പരാതി ലഭിച്ചപ്പോൾ മാത്രമാണ് ഇത്

പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുന്നത്. എംജിഎൻആർഇജിഎസ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പൊതുപണം ഫലപ്രദമായി വിനിയോഗിക്കാനുള്ള ജാഗ്രത കാണിക്കേണ്ടതാണ്. എംബുക്ക് പ്രകാരം നടപ്പിലാക്കാത്ത പ്രവൃത്തി സൈറ്റിൽ കാണപ്പെട്ടതിന് വിശദീകരണം നൽകേണ്ടതാണ്.

ഈ പൊതുവഴിയുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും, ആയത് ഗ്രാമപഞ്ചായത്തിന്റ ആസ്തിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ വിവരങ്ങളും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21/19.07.2024) മറുപടി ലഭിച്ചില്ല.

<u>ഓഡിറ്റ് നിർദേശം</u>

1) സൈറ്റ് നം. 7ൽ നിലവിലുള്ള കയ്യാല എംജിഎൻആർഇജിഎസ് ഫണ്ട് ഉപയോഗിച്ച് ചെയ്തതാണോ എന്ന് വകുപ്പുതല അന്വേഷണം നടത്തി പരിശോധിക്കേണ്ടതാണ്.

2) മേൽ സൂചിപ്പിച്ച പരാതിയിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്. കൂടാതെ നിലവിൽ ഈ പൊതുവഴിയുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും, ആയത് ഗ്രാമപഞ്ചായത്തിന്റ ആസ്തിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-24 മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും വിതരണം -അപാകതകൾ</u>

| | |
|---|---|
| പ്രോജക്ട് നം. | 11/24 |
| പ്രോജക്ടിന്റെ പേര് | **മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും** |
| അടങ്കൽ | 150000/-(വികസന ഫണ്ട്-ജനറൽ)<br>52500/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 131250/-(വികസന ഫണ്ട്-ജനറൽ)<br>43750/-(ഗുണഭോക്തൃ വിഹിതം) |
| ബിൽ നം&തീയതി | 1)26250/-, 133902/10-5-24<br>2)60000/-, 133845/10-5-24<br>3)45000/-, 133881/10-5-24<br>4)43750/-, 22301616/31.3.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

2023-24 ഓഡിറ്റ് വർഷത്തിൽ മേൽ പദ്ധതിയിൽപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥയായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടാണിത്. ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ ഉപാധിയായി വഞ്ചിയും വലയും നല്കുന്നതിനുമായി നടപ്പിലാക്കിയ പ്രോജക്ടിൽ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അർഹരായ 7 ഗുണഭോക്താക്കൾക്ക് വഞ്ചിയും വലയും നല്കുന്നതിനായി മേൽ ബിൽ പ്രകാരം കരാറുകാരന് 175000/- രൂപ നല്കിയിട്ടുണ്ട്. ഇതിൽ ആറു ഗുണഭോക്താക്കൾക്ക് മാത്രമേ വഞ്ചിയും വലയും ലഭിച്ചിട്ടുള്ളൂ. സുരേഷ് എം.എ, മഠത്തിൽ പറമ്പിൽ (വാർഡ് -11) എന്ന ഗുണഭോക്താവിന് വിതരണ രജിസ്റ്റർ പ്രകാരം വഞ്ചിയും വലയും ലഭിച്ചിട്ടില്ല. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.21/24, 19-7-24) ലഭ്യമാക്കിയ മറുപടിയിൽ ഇലക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉള്ളതിനാലായിരുന്നു വിതരണം ചെയ്യാതിരുന്നതെന്നും, ഉടനെ തന്നെ വിതരണം നടത്തുന്നതുമാണെന്നും അറിയിച്ചു. വഞ്ചിയും വലയും ഗുണഭോക്താവിന് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇലക്ഷൻ പെരുമാറ്റചട്ടം പോലുള്ള കാര്യങ്ങൾ മുന്നിൽകണ്ട് നിർവ്വഹണ കലണ്ടർ തയ്യാറാക്കി, പദ്ധതി പ്രവർത്തനം സുഗമവും, കൃത്യതയും ഉള്ളതാക്കാൻ ശ്രമിക്കണമെന്നും നിർദ്ദേശിക്കുന്നു.

**1-25 ഓഡിറ്റ് ഇംപാക്ട്**

ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങൾ, സേവനം അനുഷ്ഠിക്കുന്ന തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണിച്ചു ഓഡിറ്റ് എൻക്വയറി നം 10/18.07.24ന് നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ആകെ മൊത്തം 9060/-രൂപ ഈടാക്കി.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | രസീത് നം./അടവാക്കിയ തീയതി | തുക രൂപ |
|---|---|---|---|
| 1 | സൂര്യ ടെക്സ്റ്റയിൽസ് | 1240101642/22.7.24 | 1200 |
| 2 | സൂര്യ ടെക്സ്റ്റയിൽസ് | 1240101643/22.7.24 | 1200 |
| 3 | റോയൽ ഫുഡ് കോർട്ട് | 1240101648/22.7.24 | 2250 |
| 4 | റോയൽ ഫുഡ് കോർട്ട് | 1240101649/22.7.24 | 2250 |
| 5 | അൽ മനാഫി | 1240101650/22.7.24 | 720 |
| 6 | അൽ മനാഫി | 1240101651/22.7.24 | 720 |
| 7 | മലയിൽ പെയിന്റ്സ് | 1240101598/19.7.24 | 360 |
| 8 | മലയിൽ പെയിന്റ്സ് | 1240101599/19.7.24 | 360 |
| ആകെ | | | 9060/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

**4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ നമ്പർ, പേര് | ചെലവായ തുക (₹) | ബാക്കി തുക |
|---|---|---|---|---|---|---|

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ നമ്പർ, പേര് | ചെലവായ തുക (₹) | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2023-24 | 540000 | 53/24, ലൈഫ് ഭവന നിർമ്മാണം - പട്ടിക ജാതി വിഭാഗം | 540000 | 0 |
| 2 | | | 400000 | 57/24, ലൈഫ് ഭവന നിർമ്മാണം - ജനറൽ വിഭാഗം | 400000 | 0 |
| | | | 432500 | 77/24, എസി.സി.വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് | 432500 | 0 |
| | | | 300000 | 01/24, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | | 60912 | 233/24, നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 60912 | 0 |
| | | | 12000 | 183/24, തരിശുഭൂമികൃഷി കൂലിച്ചെലവ് സബ്സിഡി | 12000 | 0 |
| 2 | | | 100250 | 90/24, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100250 | 0 |
| | ആകെ | | 1845662 | | 1845662 | |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 920000 | 57/24, ലൈഫ് ഭവനപദ്ധതി – എസ്.സി. | 920000 | 0 |
| 2 | | | 900000 | 53/24, ലൈഫ് ഭവനപദ്ധതി- ജനറൽ | 900000 | 0 |
| | | | 260000 | 201/24, പുലരിക്കുഴി കാരിക്കൽ റോഡ് നിർമ്മാണം | 260000 | 0 |
| 3 | | | 425000 | 01/24, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 425000 | 0 |
| | | | 12000 | 183/24, തരിശുഭൂമി കൃഷി കൂലിച്ചെലവ് സബ്സിഡി | 12000 | 0 |
| 6 | | | 251290 | 90/24, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 251290 | 0 |
| | ആകെ | | 2768290 | | 2768290 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ, പ്രവൃത്തിയുടെപേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 4/23, വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 42300721/19.10.23 | 2500000 | 0 | 2500000 |
| 4/23, വിവിധ വാർഡുകളിൽ പൊതുടാപ്പ് കട്ട് ചെയ്യൽ | 42300579/15.09.23 | 192000 | 0 | 192000 |
| 9/23, ഇലക്ട്രിക്ക് ലൈൻ നീട്ടൽ | 42301762/31.03.24 | 226221 | 0 | 226221 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക (തൻ വർഷത്തെ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ്-KURDFC ലോൺ | 7508236.00 | 3856675.00 | 2470655.00 | 0 | 8894256.00 |
| ലൈഫ്-HUDCO ലോൺ | 3007900.00 | 1409082.00 | 0 | 0 | 4416982.00 |

ലോൺ തിരിച്ചടവ് വിവരങ്ങൾ

| പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് ജനറൽ | ചെലവ് (എസ്.സി പി) |
|---|---|---|---|
| 272 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 505446 | |
| 273 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) | | 318106 |
| 275 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-രണ്ടാം ഗഡു | 505446 | |
| 276 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) രണ്ടാം ഗഡു | | 318106 |
| 278 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു | 505446 | |
| 279 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) മൂന്നാം ഗഡു | | 318105 |
| | | 1516338 | 954317 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3868156.00 |
| തൻവർഷം നിക്ഷേപിച്ച തുക | 560309.00 |
| ആകെ | 4428465.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4428465.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No.8686/16 | 752286.00 |
| FD No.15720/11 | 534219.00 |
| FD No.686195 | 2491960.00 |
| FD No.121478 | 650000.00 |
| **ആകെ** | **4428465.00** |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹60838699.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹56492728.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4045658/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**നഷ്ടം ഇല്ല.**

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 226221/- | ശ്രീമതി.ശ്രീബാല അജിത്, കൃഷി ഓഫീസർ |
| 1-15 | 24000/- | ഡോ.രഞ്ജിത്ത് കൃഷ്ണൻ, വെറ്ററിനറി സർജൻ |
| 1-16 | 800000/- | ശ്രീമതി.സജിത എൻ, ഹെഡ്മിസ്ട്രസ് |
| 1-18 | 120934/- | ഡോ.സന്ധ്യമോൾ കെ.ബി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-19 | 77958/- | ശ്രീ.കെ.ടി.സന്തോഷ്, സെക്രട്ടറി |
| 1-21 | 104545/- | ശ്രീ.കെ.ടി.സന്തോഷ്, സെക്രട്ടറി |
| 1-22 | 2692000/- | ശ്രീ.കെ.ടി.സന്തോഷ്, സെക്രട്ടറി |
| ആകെ | 4045658/- | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

**ഇല്ല.**

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**ഇല്ല.**

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന്/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സന്തോഷ് കെ.ടി., സെക്രട്ടറി | സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | പ്രണവം, ജനതാറോഡ്, കച്ചേരിപ്പടി നോർത്ത്, നോർത്ത് പറവൂർ 683513 |
| ഡോ.സന്ധ്യാമോൾ കെ ബി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ(ആയുർവേദം) ഗവ.ആയുർവേദ ഡിസ്പെൻസറി, ആമ്പല്ലൂർ | വീട് നമ്പർ 23A, മിഹിക, ചെട്ടിപ്പറമ്പിൽ ലൈൻ, ചൂരക്കാട്, തൃപ്പൂണിത്തുറ, 682301 |
| ശ്രീമതി സജിത എൻ. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.സ്ക്കൂൾ, കാഞ്ഞിരമറ്റം | മറ്റത്തിൽ വീട്, ബ്രഹ്മമംഗലം |
| ശ്രീമതി.ശ്രീബാല അജിത് കൃഷി ഓഫിസർ | കൃഷി ഓഫിസർ കൃഷിഭവൻ, ആമ്പല്ലൂർ | ഫ്ലാറ്റ് നം എ.6, വേർഡന്റ് വുഡ്, ചോറ്റാനിക്കര പി ഒ 682312. |
| ഡോ. രഞ്ജിത് കൃഷ്ണൻ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | വലിയതോട്ടത്തിൽ തലയോലപ്പറമ്പ്, കോട്ടയം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | KSA-EKM(P6)1677(i)/22/12.12.22 |
| 2002-2003 | P4 638/04, 05.02.05 |
| 2003-2004 | P6 1262/09, 16.11.10/05.03.11 |
| 2006-2007 | P6 1265/10, 27.11.10 |
| 2007-2008 | KSA-EKM(P6)1677(ii)/22/12.12.22 |
| 2009-2010 | KSA-EKM(P6)1677(iii)/22/12.12.22 |
| 2010-2011<br>2011-2012 | KSA-EKM(P6)1677(iv)/22/12.12.22 |
| 2012-2013 | KSA-EKM(P6)1677(v)/22/12.12.22 |
| 2013-2014,<br>2014-2015 | KSA-EKM(P6)1677(vi)/22/12.12.22 |
| 2015-2016 | KSA-EKM(P6)1677(vii)/22/12.12.22 |
| 2016-2017 | KSA-EKM(P6)1677(viii)/22/12.12.22 |
| 2017-2018 | KSA-EKM(P6)1677(ix)/22/12.12.22 |
| 2018-2019 | KSA-EKM(P6)1677(x)/22/12.12.22 |
| 2019-2020 | KSA-EKM(P6) 1149/2021, 12.11.21 |
| 2020-2021 | KSA-EKM(P6) 1150/2021, 12.11.21 |
| 2021-2022 | KSA-EKM(P6) 1731/2022, 2.12.22 |
| 2022-2023 | KSA-EKM(P6) 1231/2023, 10.10.23 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 15-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Amballur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Amballur Grama Panchayat as on 31-03-2024

**Date: 19/09/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Amballur Grama Panchayat for the Year 2023-2024.

### 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

### 2.Other Observations

1. Basic ratios are not included.

2. In the cash flow statement net increase in cash and net cash generated are not matching.
3. Depreciation amount is more than the fixed asset value.
4.Own fund bank reconciliation statement is incorrect.
5.Expenditure amount is not included in Sulekha statement.
6. Expenditure of ABC project does not included in the I-6 Schedule
7. The expenses of development fund for asset formation is not transfered to capital contribution

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്